"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് 1 ആയ ശ്രീ.സജീവ്.എസ്-ന് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1752/2024/LSGD തീയതി,തിരുവനന്തപുരം, 24-09-2024

---

പരാമർശം:-

1. സ.ഉ(പി) നം 112/2017/ധന, തീയതി 24.08.2017.
2. ശ്രീ.സജീവ് എസ്-ന്റെ 01.02.2024ലെ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 05.04.2023, 20.06.2024 എന്നീ തീയതികളിലെ LSGD/PD/14391 I 2023-DEE5നമ്പർ കത്തുകൾ.

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് 1 ആയ ശ്രീ.സജീവ്.എസ്-ന് പ്രത്യേക അവശതാ അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർ പ്പിക്കുകയുണ്ടായി. ശ്രീ.സജീവ്.എസ്-ന് 25.01.2023- ൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഓഫീസിൽ വച്ച് വീണുണ്ടായ അപകടത്തെ തുടർന്ന് അഞ്ച് ആഴ്ചത്തേക്ക് വിശ്രമം ആവശ്യമാണെന്ന് ഡോക്ടർ നിർദേശിച്ചിരിക്കുന്നതായും, ടിയാന് ഓഫീസിൽ വച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലാണ് അപകടം നടന്നതെന്ന് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും അനുബന്ധ രേഖകൾ സഹിതം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരവും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും, ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധകാരി നൽകിയ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് 1 ആയ ശ്രീ. സജീവ് എസ് ന് 25/01/2023 മുതൽ 12/03/2023 വരെയുള്ള കാലയളവിലേയ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ചു കൊണ്ടും, 13/03/2023 തീയതി ടിയാളുടെ അപേക്ഷ പ്രകാരം പരിവർത്തിത അവധിയായി ക്രമീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട

ശ്രീ. സജീവ് എസ്, ഡ്രൈവർ ഗ്രേഡ് 1, ജില്ലാപഞ്ചായത്ത്, പത്തനംതിട്ട

(സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് മുഖേന)

ധനവകുപ്പ് (14.06.2023ലെ 82/ഡെവ-1/2023/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(70/ഇപിഎ2/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 24-09-2024 13:06:39